## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6660** **04.04.2018-ൽ മറുപടിക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 9,10 ക്ലാസ്സുകളിലെ നിർദ്ധനരായ കുട്ടികൾക്ക് കൂടി നല്കാൻ നടപടി**

ചോദ്യം **ഉത്തരം**

**ശ്രീ.വി. അബ്ദുറഹിമാൻ** പ്രൊഫ: സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | രാജ്യത്തിനാകെ മാതൃകയായി കേരളത്തിൽ കാര്യക്ഷമമായി നടത്തി വരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 9,10 ക്ലാസ്സുകളിലെ നിർദ്ധനരായ കുട്ടികൾക്കു കൂടി നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; | എ) | 9,10 ക്ലാസുകളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| ബി) | മികച്ച രീതിയിൽ നടത്തിവരുന്ന സ്കൂൾ ഉച്ച ഭക്ഷണത്തിന് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറികളാണ് ഉപയോഗിക്കേണ്ടി വരുന്നത് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ആരോഗ്യ വിദഗ്ധരുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. ഇത് സംബന്ധിച്ച് ആരോഗ്യ വിദഗ്ധരുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിതമായ പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും ഉപയോഗിക്കണമെന്നും പഴങ്ങളും പച്ചക്കറികളും സ്കൂളുകളുടെ സമീപമുള്ള സംസ്ഥാന ഹോർട്ടികോർപ്പിന്റെ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് മുൻഗണന നൽകണമെന്നും ഉച്ച ഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലസൗകര്യം ലഭ്യമായ സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിക്കണമെന്നും അവയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉച്ച ഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്നും പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പ് സ്കൂൾ ഒന്നിന് നൽകി വരുന്ന **5000/-** രൂപ **(അയ്യായിരം രൂപ)** ധനസഹായം പ്രയോജനപ്പെടുത്തണമെന്നും വിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അവരവരുടെ വീടുകളിൽ പച്ചക്കറി കൃഷി നടത്തുവാൻ പ്രോത്സാഹനം നൽകണമെന്നും കുട്ടികൾ ഇപ്രകാരം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്കൂളുകളിൽ ശേഖരിച്ച് ആയത് ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്താനും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നിരവധി സ്കൂളുകൾ അടുക്കള പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. സ്കൂൾ അടുക്കള പച്ചക്കറിത്തോട്ടം എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങളെ |

2017 നവംബർ മാസം 6,7 തീയതികളിൽ ഗോവയിൽ നടന്ന സംസ്ഥാനങ്ങളുടെ ദ്വിദിന ദേശീയ വർക്ക്ഷോപ്പിൽ കേന്ദ്ര സർക്കാർ പ്രത്യേകമായി അഭിനന്ദിക്കുകയും മറ്റ് സംസ്ഥാനങ്ങളുടെ മുൻപിൽ ഇത് ഒരു മാതൃകയായി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പി.റ്റി.എ.യുടെയും നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികളെയും കുടുംബശ്രീ അംഗങ്ങളെയും ഉൾപ്പെടുത്തി ഓരോ സ്കൂളിലും സ്വന്തമായി കൃഷി ഉറപ്പാക്കുന്നതിന് നടപടി സ്വീകരി ക്കുമോ; | സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കുടുംബശ്രീ വഴി സ്കൂളുകൾക്ക് പച്ചക്കറി വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 13.10.2017 ൽ ചേർന്ന പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ സ്റ്റേറ്റ് സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശം നൽകിയി ട്ടുണ്ട് 8 രൂപ, 7 രൂപ, 6 രൂപ എന്നീ നിരക്കുകളിൽ സ്കൂളുകൾക്ക് അനുവദിക്കുന്ന ക ണ്ടിജൻസി തുകയിൽ നിന്ന് 2 രൂപ പ ച്ചക്കറികൾ വാങ്ങുന്നതിന് മാറ്റി വയ്ക്കുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽ കുവാനും കമ്മിറ്റി നിർദ്ദേശം നൽകിയിട്ടു ണ്ട്. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം കുടുംബശ്രീ വഴി സ്കൂളുകളിൽ പച്ചക്കറി വിതരണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി ച്ചുവരുന്നു. |
| ഡി) | കൃഷി ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ഓരോ സ്കൂളും പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | ഡി) | സ്കൂളുകളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പ് സ്കൂൾ ഒന്നിന് നൽകി വരുന്ന 5000/- രൂപ (അയ്യായിരം രൂപ ) ധനസഹായം പ്രയോജനപ്പെടുത്തി പച്ചക്കറി കൃഷി ആരംഭിക്കുവാൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരവധി സ്കൂളുകൾ ഇതിനോടകം തന്നെ പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ അടുത്ത അദ്ധ്യയന വർഷം സംസ്ഥാനത്തെ കൂടുതൽ സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ